# സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ
## സ്ത്രീജനപ്രവർത്തന ബോർഡ്

# സേവിനി സണ്ടേ

## 2022 മെയ് 8 ഞായർ

ബഹുമാനപ്പെട്ട എല്ലാ ഇടവകകൾക്കും അച്ചന്മാർക്കും,

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരെ, കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം!

" അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ, സങ്കടത്തോടെ അരുത്; നിർബന്ധത്താലും അരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു". 2 കൊരി. 10:7

2022 ലെ വർക്കേഴ്സ് കോൺഫറൻസ് മാർച്ച് 2, 3 തീയതികളിൽ ZOOM ൽ കൂടി നടത്തപ്പെട്ടു. സേവിനിമാർക്ക് ദൈവിക കൃപ ലഭിക്കുവാനും പുതിയ വർഷത്തെ ശുശ്രൂഷ ഏറ്റവും ഭംഗിയായി ചെയ്യുവാനും സർവ്വശക്തനായ ദൈവം അവരെ സഹായിക്കട്ടെ! ഏവരുടെയും പ്രത്യേകമായ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

സേവിനിമാരുടെ സന്ധാരണത്തിനായുള്ള ഒരു പ്രധാന പിരിവാണ് സേവിനി സണ്ടേ. വർദ്ധിച്ചുവരുന്ന ചെലവുകൾ നേരിടുന്നതിന് ഏവരുടെയും ഹൃദയം തുറന്ന പ്രാർത്ഥനയും സഹായസഹകരണങ്ങളും വേണമെന്ന് സ്നേഹത്തോടെ ഓർപ്പിക്കുന്നു.

സേവിനിസമാജത്തിന്റെ പ്രവർത്തനങ്ങൾക്കും പ്രവർത്തകർക്കും വേണ്ടി സഭയായി വേർതിരിച്ചിരിക്കുന്ന മെയ് 8 -ാം തീയതി ആരാധനയിൽ പ്രാർത്ഥന സമയം വേർതിരിക്കുമല്ലോ. സമാജത്തിന്റെ സാമ്പത്തിക കാര്യങ്ങളിൽ നിർലോപമായി സഹകരിച്ച ഇടവകകളെ ദൈവമായ കർത്താവ് സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

സാഹചര്യങ്ങൾക്ക് അനുസരിച്ച് നൽകിയിട്ടുള്ള എല്ലാ സഹായ സഹകരണങ്ങളും നന്ദിയോടെ ഓർക്കുന്നു. കഴിഞ്ഞ വർഷം സേവിനി സണ്ടേ പിരിവ് നൽകിയ എല്ലാ ഇടവകകൾക്കായും ദൈവത്തെ സ്തുതിക്കുന്നു. സേവിനിസണ്ടേ ഇനത്തിൽ ഈ വർഷം പ്രതീക്ഷിക്കുന്ന തുക 6,75,000 രൂപയാണ്. പിരിഞ്ഞു കിട്ടുന്ന തുക സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ, സ്ത്രീജനപ്രവർത്തനബോർഡ്, തിരുവല്ല -5 എന്ന വിലാസത്തിൽ അയച്ചുതന്നാലും.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടെ, സ്ത്രീജനപ്രവർത്തന ബോർഡിനുവേണ്ടി,

ശ്രീമതി. സൂസൻ കുരുവിള
സെക്രട്ടറി

തിരുവല്ല
20-04-2022